दूरभाष / Phone: 0481-2301231, ऐक्स्टेंशन/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत

THE RUBBER BOARD
(Government of India, Ministry of Commerce & Industry)
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 002
KERALA STATE, INDIA.

प्रचार व जनसंपरक प्रभाग

PUBLICITY AND PUBLIC RELATIONS DIVISION

Ref.No.48/01(PRM-16)/2024-25/PUB

<u>പ്രസ്സ് റിലീസ്</u>

## റബ്ബർബോർഡിൽ ഔദ്യോഗികഭാഷാസമ്മേളനം

കോട്ടയം
28 ഏപ്രിൽ 2025

ലോകത്ത് ഒരു ഭാഷയോ സംസ്കാരമോ തീർത്തും തനിമയോടെ പുലരുന്നില്ലെന്നും പരസ്പരം കലർന്നും വിനിമയം ചെയ്തുമാണ് ഭാഷകളും സംസ്കാരങ്ങളും നിലനിൽക്കുന്നതെന്നും പ്രശസ്ത എഴുത്തുകാരിയും സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായ ഡോ. മ്യൂസ് മേരി ജോർജ് അഭിപ്രായപ്പെട്ടു. മറ്റു ഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങൾക്ക് വിലപ്പെട്ട സന്ദേശങ്ങളും ഉൾക്കാഴ്ചകളും നൽകാനും വൈവിധ്യമാർന്ന സംസ്കാരങ്ങളെയും കാഴ്ചപ്പാടുകളെയും കുറിച്ചുള്ള നമ്മുടെ അറിവിനെ സമ്പന്നമാക്കാനും കഴിയും. റബ്ബർബോർഡിൽ ഔദ്യോഗികഭാഷാസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മ്യൂസ് മേരി ജോർജ്. വിവർത്തനങ്ങളുമായി സംവദിക്കുന്നതിലൂടെ നമുക്ക് മാതൃഭാഷയ്ക്ക് അപ്പുറമുള്ള അറിവും സംസ്കാരങ്ങളും ഉൾക്കൊള്ളാൻ കഴിയും സാംസ്കാരികമായ വിടവുകൾ നികത്തുന്നതിലും സാംസ്കാരിക കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിലും വിവർത്തനങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. ഇത് ലോകമെമ്പാടുമുള്ള മനുഷ്യാനുഭവങ്ങളുടെ സമ്പന്നതയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാൻ നമ്മെ സഹായിക്കും. ആശയവിനിമയത്തോടൊപ്പം വികാരങ്ങൾ, ചിന്തകൾ എന്നിവ കൈമാറുന്നതിനുമുള്ള ശക്തമായ ഒരു ഉപകരണമാണ് ഭാഷ. വികാരങ്ങൾ ഭാഷാപരമായ അതിർവരമ്പുകൾ ഉല്ലംഘിക്കുന്നവയാണെന്ന് അവർ ചൂണ്ടിക്കാട്ടി.

കേന്ദ്രസർക്കാർസ്ഥാപനങ്ങളിൽ ഔദ്യോഗികഭാഷയായ ഹിന്ദി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് റബ്ബർബോർഡിൽ ഔദ്യോഗികഭാഷാസമ്മേളനം നടത്തിവരുന്നത്. ഹിന്ദി പ്രചാരണപരിപാടികളുമായി ബന്ധപ്പെട്ടുനടത്തിയ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ ഡോ. മ്യൂസ് മേരി ജോർജ് വിതരണം ചെയ്തു. ഡോ. എം.ഡി. ജെസ്സി, ഡയറക്ടർ (റിസർച്ച്) ഇൻ-ചാർജ്ജ്; ഡോ. ടി. സിജു( റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ); ജി.സുനിൽ കുമാർ (അസിസ്റ്റന്റ് ഡയറക്ടർ) എന്നിവർ ചടങ്ങിൽ സംസാരിച്ചു.

അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)

**ഫോട്ടോ അടിക്കുറിപ്പ്:**

റബ്ബർബോർഡിലെ ഔദ്യോഗികഭാഷാസമ്മേളനത്തിൽ ഡോ. മ്യൂസ് മേരി ജോർജ് സംസാരിക്കുന്നു.